**2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ**

**പൊതു വിഷയം:**

**മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു**

**ദൂത് ഒന്ന്**

**ജീവനുള്ള നക്ഷത്രമെന്ന നിലയിൽ സ്വർഗീയ ക്രിസ്തുവിന്റെ കാലികവും, തൽക്ഷണവും, ജീവനുള്ളതുമായ ദർശനം**

EM *Hymns*: ML161, ML556

തിരുവെഴുത്ത് വായന: മത്താ. 2:1-12; സംഖ്യ. 24:17; ഉല്പ. 1:14-19; ദാനീ. 12:3; വെളി. 1:16, 20; 2:1, 28; 3:1; 22:16; 2 പത്രൊ. 1:19; ഉല്പ. 22:17; യൂദാ 12-13

മത്താ. 2:1 ഹെരോദാരാജാവിന്റെ നാളുകളിൽ യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിച്ചശേഷം, ഇതാ, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി,

മത്താ. 2:2 യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 2:3 ഹെരോദാരാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി.

മത്താ. 2:4 മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും.

മത്താ. 2:7 അപ്പോൾ ഹെരോദാവ്, വിദ്വാന്മാരെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷമായ സമയം അവരിൽനിന്നു കൃത്യമായി നിശ്ചയം വരുത്തി.

മത്താ. 2:8 അവരെ ബേത്ലഹേമിലേക്ക് അയച്ചിട്ട്, നിങ്ങൾ പോയി പൈതലിനെക്കുറിച്ചു കൃത്യമായി അന്വേഷിക്കുവിൻ; കണ്ടെത്തുമ്പോൾ, ഞാനും വന്ന് അവനെ ആരാധിക്കേണ്ടതിന്, എന്നെ അറിയിക്കുവിൻ എന്നു പറഞ്ഞു.

മത്താ. 2:9 രാജാവിനെ കേട്ടശേഷം അവർ അവരുടെ വഴിക്കു പോയി, ഇതാ, അവർ ഉദയത്തിൽ കണ്ട നക്ഷത്രം പൈതൽ ഉണ്ടായിരുന്ന ഇടത്തിനു മീതെ വന്നു നിൽക്കുന്നതുവരെ അവരെ നയിച്ചു.

മത്താ. 2:10 അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു.

മത്താ. 2:11 അവർ വീട്ടിലേക്ക് വന്ന് പൈതലിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കാണുകയും, നിലത്തു വീണ് അവനെ ആരാധിക്കുകയും ചെയ്തു; തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവർ അവനു പൊന്നും കുന്തുരുക്കവും മൂരും ഉപഹാരങ്ങളായി അർപ്പിച്ചു.

മത്താ. 2:12 ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി.

സംഖ്യ. 24:17 ഞാൻ അവനെ കാണും, ഇപ്പോൾ അല്ലതാനും; ഞാൻ അവനെ ദർശിക്കും, അടുത്തല്ലതാനും. യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽനിന്നു ഒരു ചെങ്കോൽ ഉയരും. അതു മോവാബിന്റെ പാർശ്വങ്ങളെയെല്ലാം തകർക്കയും തുമുലപുത്രന്മാരെ ഒക്കെയും സംഹരിക്കയും ചെയ്യും.

ഉല്പ. 1:14 പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിവാനായും ഉതകട്ടെ;

ഉല്പ. 1:15 ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശവിതാനത്തിൽ അവ വെളിച്ചങ്ങളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു.

ഉല്പ. 1:16 പകൽ വാഴേണ്ടതിന്നു വലിപ്പമേറിയ വെളിച്ചവും രാത്രി വാഴേണ്ടതിന്നു വലിപ്പം കുറഞ്ഞ വെളിച്ചവും ആയി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി; നക്ഷത്രങ്ങളെയും ഉണ്ടാക്കി.

ഉല്പ. 1:17 ഭൂമിയെ പ്രകാശിപ്പിപ്പാനും പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ വേർപിരിപ്പാനുമായി

ഉല്പ. 1:18 ദൈവം അവയെ ആകാശവിതാനത്തിൽ നിർത്തി; നല്ലതു എന്നു ദൈവം കണ്ടു.

ഉല്പ. 1:19 സന്ധ്യയായി ഉഷസ്സുമായി, നാലാം ദിവസം.

ദാനീ. 12:3 എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.

വെളി. 1:16 അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു; അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും; അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു.

വെളി. 1:20 എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

വെളി. 2:1 എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

വെളി. 2:28 ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും.

| | |
|---|---|
| വെളി. 3:1 | സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു. |
| വെളി. 22:16 | യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു. |
| 2 പത്രൊ. 1:19 | കൂടാതെ അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു. |
| ഉല്പ. 22:17 | ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും. |
| യൂദാ. 1:12 | ഇവർ തങ്ങളെത്തന്നെ മേയിച്ചുകൊണ്ട്, നിർഭയത്തോടെ നിങ്ങളോടൊപ്പം വിരുന്നുകഴിക്കുന്ന, നിങ്ങളുടെ സ്നേഹവിരുന്നുകളിലെ മറഞ്ഞിരിക്കുന്ന പാറകൾ; കാറ്റിനാൽ എടുത്തുമാറ്റപ്പെടുന്ന വെള്ളമില്ലാത്തമേഘങ്ങൾ; രണ്ടുവട്ടം ചത്തിട്ട്, പിഴുതെടുക്കപ്പെട്ട, ഫലമില്ലാത്ത ശരത്കാല വൃക്ഷങ്ങൾ; |
| യൂദാ. 1:13 | തങ്ങളുടെ സ്വന്തം ലജ്ജകളെ പുറത്തേക്കു നുരച്ചുതള്ളുന്ന, ക്ഷോഭ തിരകൾ; നിത്യതയ്ക്കായി കൂരിരുൾ സൂക്ഷിച്ചുവച്ചിരിക്കുന്ന, അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങൾ. |

I. **യേശു ബെത്ലഹേമിൽ ജനിച്ചശേഷം, “യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം ഉദയത്തിൽ കണ്ടു അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു” (മത്താ. 2:2) എന്നു പറഞ്ഞുകൊണ്ട് കിഴക്കുനിന്നുള്ള വിദ്വാന്മാർ യെരൂശലേമിൽ എത്തി; “യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും” എന്ന് പറയുന്ന സംഖ്യാപുസ്തകം 24:17-ന്റെ നിവൃത്തിയായിരുന്നു ഇത്; ഈ നക്ഷത്രം ക്രിസ്തുവിനെ സൂചിപ്പിക്കുന്നു:**

A. “ഞങ്ങൾ ഒരു നക്ഷത്രം കണ്ടു” എന്നോ “ഞങ്ങൾ നക്ഷത്രം കണ്ടു” എന്നോ അല്ല, പിന്നെയോ “ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു” എന്നാണ് വിദ്വാന്മാർ പറഞ്ഞത്; ആ നക്ഷത്രം സ്വർഗീയ ക്രിസ്തുവാണ്.

B. മത്തായി 2:2-ൽ പറഞ്ഞിരിക്കുന്ന നക്ഷത്രം ഈ പണ്ഡിതന്മാർക്കാണ് കാണിച്ചുകൊടുത്തത്; അത് യിസ്രായേൽ ജനത്തിലെ ആർക്കും പ്രത്യക്ഷപ്പെട്ടില്ല; യെഹൂദന്മാർക്ക് ക്രിസ്തു എവിടെ ജനിക്കുമെന്നതിനെക്കുറിച്ചുള്ള തിരുവെഴുത്തുകൾ ഉണ്ടായിരുന്നെങ്കിലും (വാ. 4-6), വിദ്വാന്മാരാണ് ക്രിസ്തുവിന്റെ നക്ഷത്രം കണ്ടത്.

| | |
|---|---|
| മത്താ. 2:2 | യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. |
| മത്താ. 2:4 | മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും |

എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്‌ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്‌ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും."

C. ക്രിസ്തു എവിടെ ജനിക്കണമെന്ന് യെഹൂദന്മാർക്ക് അക്ഷരങ്ങളിൽ അറിയാമായിരുന്നു (മീഖാ 5:2), എന്നാൽ കിഴക്കുനിന്നുള്ള ഈ പണ്ഡിതന്മാർക്ക് അവനെ സംബന്ധിച്ച ഒരു ജീവനുള്ള ദർശനം ലഭിച്ചു; ഒടുവിൽ, നക്ഷത്രം അവരെ ക്രിസ്തു ഉണ്ടായിരുന്ന സ്ഥലത്തേക്ക് നയിച്ചു (മത്താ. 2:1-12).

മീഖാ. 5:2 നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

മത്താ. 2:1 ഹെരോദാരാജാവിന്റെ നാളുകളിൽ യേശു യെഹൂദ്യയിലെ ബേത്‌ലഹേമിൽ ജനിച്ചശേഷം, ഇതാ, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി,

മത്താ. 2:2 യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 2:3 ഹെരോദാരാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി.

മത്താ. 2:4 മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്‌ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്‌ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും.

മത്താ. 2:7 അപ്പോൾ ഹെരോദാവ്, വിദ്വാന്മാരെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷമായ സമയം അവരിൽനിന്നു കൃത്യമായി നിശ്ചയം വരുത്തി.

മത്താ. 2:8 അവരെ ബേത്‌ലഹേമിലേക്ക് അയച്ചിട്ട്, നിങ്ങൾ പോയി പൈതലിനെക്കുറിച്ചു കൃത്യമായി അന്വേഷിക്കുവിൻ; കണ്ടെത്തുമ്പോൾ, ഞാനും വന്ന് അവനെ

| | |
|---|---|
| | ആരാധിക്കേണ്ടതിന്, എന്നെ അറിയിക്കുവിൻ എന്നു പറഞ്ഞു. |
| മത്താ. 2:9 | രാജാവിനെ കേട്ടശേഷം അവർ അവരുടെ വഴിക്കു പോയി, ഇതാ, അവർ ഉദയത്തിൽ കണ്ട നക്ഷത്രം പൈതൽ ഉണ്ടായിരുന്ന ഇടത്തിനു മീതെ വന്നു നിൽക്കുന്നതുവരെ അവരെ നയിച്ചു. |
| മത്താ. 2:10 | അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു. |
| മത്താ. 2:11 | അവർ വീട്ടിലേക്ക് വന്ന് പൈതലിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കാണുകയും, നിലത്തു വീണ് അവനെ ആരാധിക്കുകയും ചെയ്തു; തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവർ അവനു പൊന്നും കുന്തുരുക്കവും മൂരും ഉപഹാരങ്ങളായി അർപ്പിച്ചു. |
| മത്താ. 2:12 | ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി. |

D. ക്രിസ്തുവാണ് യഥാർഥ സൂര്യൻ (മലാ. 4:2), എന്നാൽ കൃത്യമായി പറഞ്ഞാൽ, അവൻ രാത്രിയുടെ യുഗത്തിൽ സൂര്യനായി പ്രത്യക്ഷപ്പെടുന്നില്ല; പിന്നെയോ, അവൻ ഒരു നക്ഷത്രമായി പ്രകാശിക്കുന്നു (വെളി. 2:28); ഒരു നക്ഷത്രം രാത്രിയിൽ പ്രകാശിക്കുന്നു, എന്നാൽ അത് പകൽ വരുന്നുവെന്ന് സൂചിപ്പിക്കുന്നു (റോമ. 13:11-14).

| | |
|---|---|
| മലാ. 4:2 | എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. |
| വെളി. 2:28 | ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. |
| റോമ. 13:11 | ഇത് ഉറക്കത്തിൽനിന്ന് ഉണരുവാനുള്ള നാഴിക തന്നെ എന്ന് സമയത്തെ അറിഞ്ഞിട്ടാകുന്നു നിങ്ങൾ ചെയ്യേണ്ടത്; ഇപ്പോൾ നമ്മുടെ രക്ഷ നാം വിശ്വസിച്ചതിനെക്കാൾ അടുത്തിരിക്കുന്നുവല്ലോ. |
| റോമ. 13:12 | രാത്രി ഏറെയായും പകൽ സമീപിച്ചുമിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികൾ ഉരിഞ്ഞുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധങ്ങൾ ധരിക്കാം. |
| റോമ. 13:13 | നമുക്ക് പകലിൽ എന്നപോലെ ഉചിതമാംവണ്ണം നടക്കാം; കൂത്താട്ടത്തിലും മദ്യപാനത്തിലും അല്ല, പരസംഗത്തിലും ദുർന്നടപ്പിലും അല്ല, പോരിലും അസൂയയിലും അല്ല. |
| റോമ. 13:14 | കർത്താവായ യേശു ക്രിസ്തുവിനെ ധരിച്ചുകൊള്ളുവിൻ, ജഡത്തിന് അതിന്റെ മോഹങ്ങളെ നിവർത്തിക്കുവാൻ അവസരം നൽകരുത്. |

E. ക്രിസ്തു ആദ്യമായി വന്നപ്പോൾ, അവൻ ഒരു നക്ഷത്രമായി പരസ്യമായി പ്രത്യക്ഷപ്പെട്ടു, എന്നാൽ അവൻ രണ്ടാമത് വരുമ്പോൾ, അവന്റെ വരവിനായി കാത്തിരിക്കുന്ന തന്റെ ജയാളികൾക്ക് അവൻ ഉദയനക്ഷത്രമായിരിക്കും (വെളി. 2:28; 22:16); മറ്റെല്ലാവർക്കും ക്രിസ്തു പിന്നീട് സൂര്യനായി പ്രത്യക്ഷപ്പെടും (മലാ. 4:2; പ്ര.നി. മത്താ. 13:43).

| | |
|---|---|
| വെളി. 2:28 | ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. |
| വെളി. 22:16 | യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു. |
| മലാ. 4:2 | എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. |
| മത്താ. 13:43 | അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. |

**II. ക്രിസ്തുവിനെ കണ്ടെത്തുന്നത് ഒരു ജീവനുള്ള വിഷയമാണെന്ന് മത്തായി 2:1-12 വെളിപ്പെടുത്തുന്നു; അത് വേദപുസ്തകത്തെക്കുറിച്ചുള്ള കേവലം ഉപദേശപരമായ അറിവിന്റെ വിഷയമല്ല:**

| | |
|---|---|
| മത്താ. 2:1 | ഹെരോദാരാജാവിന്റെ നാളുകളിൽ യേശു യെഹൂദ്യയിലെ ബേത്‌ലഹേമിൽ ജനിച്ചശേഷം, ഇതാ, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി, |
| മത്താ. 2:2 | യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. |
| മത്താ. 2:3 | ഹെരോദാരാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി. |
| മത്താ. 2:4 | മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു. |
| മത്താ. 2:5 | അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്‌ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു: |
| മത്താ. 2:6 | "നീയോ ബേത്‌ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും. |
| മത്താ. 2:7 | അപ്പോൾ ഹെരോദാവ്, വിദ്വാന്മാരെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷമായ സമയം അവരിൽനിന്നു കൃത്യമായി നിശ്ചയം വരുത്തി. |
| മത്താ. 2:8 | അവരെ ബേത്‌ലഹേമിലേക്ക് അയച്ചിട്ട്, നിങ്ങൾ പോയി പൈതലിനെക്കുറിച്ചു കൃത്യമായി അന്വേഷിക്കുവിൻ; കണ്ടെത്തുമ്പോൾ, ഞാനും വന്ന് അവനെ ആരാധിക്കേണ്ടതിന്, എന്നെ അറിയിക്കുവിൻ എന്നു പറഞ്ഞു. |
| മത്താ. 2:9 | രാജാവിനെ കേട്ടശേഷം അവർ അവരുടെ വഴിക്കു പോയി, ഇതാ, അവർ ഉദയത്തിൽ കണ്ട നക്ഷത്രം പൈതൽ ഉണ്ടായിരുന്ന ഇടത്തിനു മീതെ വന്നു നിൽക്കുന്നതുവരെ അവരെ നയിച്ചു. |
| മത്താ. 2:10 | അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു. |
| മത്താ. 2:11 | അവർ വീട്ടിലേക്ക് വന്ന് പൈതലിനെ അവന്റെ അമ്മയായ |

മറിയയോടുകൂടെ കാണുകയും, നിലത്തു വീണ് അവനെ ആരാധിക്കുകയും ചെയ്തു; തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവർ അവനു പൊന്നും കുന്തുരുക്കവും മൂരും ഉപഹാരങ്ങളായി അർപ്പിച്ചു.

മത്താ. 2:12 ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി.

A. ആ നക്ഷത്രം വിശുദ്ധ ദേശത്തിലെ ദൈവാലയത്തിൽനിന്നും, യെഹൂദ മതത്തിന്റെ കേന്ദ്രത്തിൽനിന്നും, പുരോഹിതന്മാരിൽനിന്നും, ശാസ്ത്രിമാരിൽനിന്നും, പരീശന്മാരിൽനിന്നും, എല്ലാ മതഭക്തരിൽനിന്നും വളരെ അകലെ പ്രത്യക്ഷപ്പെട്ടു; അതിനു പകരം, ഒരു വിജാതീയ ദേശത്ത് ക്രിസ്തുവിന്റേതായ എന്തോ ഒന്ന് കാണിക്കുന്ന ഒരു നക്ഷത്രം ഉണ്ടായിരുന്നു.

B. കേവലം വേദപുസ്തകം കൈയിൽ പിടിച്ച് ക്രിസ്തു ബെത്ലഹേമിൽ ജനിക്കുമെന്ന് പറയുന്ന മീഖാ 5:2 വായിക്കുന്നതുകൊണ്ട് പ്രയോജനമില്ല; നമുക്ക് വേദപുസ്തകം ഉണ്ടായിരിക്കാം, എന്നാൽ നമുക്ക് സ്വർഗീയ നക്ഷത്രം നഷ്ടമായേക്കാം.

മീഖാ. 5:2 നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

C. നക്ഷത്രം എന്നത് ജീവനുള്ള വെളിപാട്, ജീവനുള്ള ദർശനമാണ്, അത് തിരുവെഴുത്തുകളെക്കുറിച്ചുള്ള പഴയതും നിർജീവവുമായ ഉപദേശപരമായ അറിവല്ല, മീഖാ 5:2-നെക്കുറിച്ചുള്ള ചത്ത അറിവല്ല; ഇന്ന് നമുക്ക് വേണ്ടത് കേവലം വേദപുസ്തക പരിജ്ഞാനമല്ല, മറിച്ച് സ്വർഗീയ ദർശനമാണ്, കാലികവും തൽക്ഷണവും ജീവനുള്ളതുമായ ദർശനമാണ്, മനുഷ്യ ധാരണകൾക്ക് ഒരിക്കലും പഠിപ്പിക്കുവാൻ കഴിയാത്ത ദർശനമാണ്.

മീഖാ. 5:2 നീയോ, ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

D. നമുക്ക് തിരുവെഴുത്തുകളെക്കുറിച്ചുള്ള പരിജ്ഞാനമുണ്ടെങ്കിൽപ്പോലും, യേശു ആയിരിക്കുന്ന തെരുവിലേക്കും വീട്ടിലേക്കും നമ്മെ നയിക്കുവാൻ കാലികവും തൽക്ഷണവും ജീവനുള്ളതുമായ നക്ഷത്രം നമുക്ക് അപ്പോഴും ആവശ്യമാണ്.

E. ജീവനുള്ള ദർശനം ലഭിച്ചതിനുശേഷം, വിദ്വാന്മാർ അവരുടെ മാനുഷിക ധാരണയാൽ വഴിതെറ്റി, രാജാവ് ഉണ്ടെന്ന് കരുതപ്പെട്ട യെഹൂദ രാഷ്ട്രത്തിന്റെ തലസ്ഥാനമായ യെരൂശലേമിലേക്ക് പോയി; അവർ വഴിതെറ്റിപോയത് നിരവധി ആൺകുട്ടികൾ കൊല്ലപ്പെടുവാൻ കാരണമായി—മത്താ. 2:16.

മത്താ. 2:16 അപ്പോൾ ഹെരോദാവ്, വിദ്വാന്മാരാൽ താൻ പരിഹസിക്കപ്പെട്ടു എന്നു കണ്ടിട്ട് വളരെ കുപിതനായി, വിദ്വാന്മാരിൽനിന്നു കൃത്യമായി നിശ്ചയം വരുത്തിയ സമയം അനുസരിച്ച് ബേത്‌ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും രണ്ടു

വയസ്സുമുതൽ താഴെ പ്രായമുള്ള ആൺകുട്ടികളെ എല്ലാം ആളയച്ചു വകവരുത്തി.

F. അവർ യെരൂശലേമിൽ എത്തിയിട്ട് യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ എന്ന് അന്വേഷിച്ചപ്പോൾ, "ഹെരോദാ രാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി" എന്ന് തിരുവെഴുത്ത് പറയുന്നു—വാ. 3:

1. ഈ വാർത്ത കേട്ടപ്പോൾ അവർ സന്തോഷിക്കണമായിരുന്നു; പകരം, അവർ അസ്വസ്ഥരായി; ഇതിന് കാരണം അവർ യഥാർഥമായി രക്ഷകനെ അന്വേഷിക്കുകയായിരുന്നില്ല എന്നതല്ലാതെ മറ്റൊന്നുമല്ല—പ്ര.നി. സദൃ. 4:23.

| | |
|---|---|
| സദൃ. 4:23 | സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു. |

2. കർത്താവിൽ വിശ്വസിക്കുന്ന ഒരുവന്റെ ആന്തരിക വികാരങ്ങൾ സ്നേഹമായ കർത്താവിനാൽ ബാധിക്കപ്പെന്നില്ലെങ്കിൽ, അവൻ ഒരു ക്രിസ്ത്യാനി എന്ന് വിളിക്കപ്പെടുവാൻ യോഗ്യനല്ല—2 തിമൊ. 4:8; മർക്കൊ. 12:30; 1 കൊരി. 2:9.

| | |
|---|---|
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |
| മർക്കൊ. 12:30 | നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം." |
| 1 കൊരി. 2:9 | "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. |

3. കർത്താവ് വരുവാൻ പ്രതീക്ഷിക്കുന്ന അഥവാ ഉൽപ്രാപിതരാകുവാൻ പ്രതീക്ഷിക്കുന്ന ഒരു ക്രിസ്ത്യാനി ഇത് ഒരു മുന്നറിയിപ്പായി എടുക്കണം—2 തിമൊ. 4:8; തീത്തൊ. 2:13; വെളി. 2:28; 22:20; മത്താ. 24:40-44; 25:8-13.

| | |
|---|---|
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |
| തീത്തൊ. 2:13 | അനുഗൃഹീത പ്രത്യാശയെ, നമ്മുടെ വലിയവനായ ദൈവവും രക്ഷകനുമായ, യേശു ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയെ കാത്തിരുന്നുകൊണ്ട് തന്നെ, |
| വെളി. 2:28 | ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. |
| വെളി. 22:20 | ഈ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു, |

| | |
|---|---|
| | അതേ, ഞാൻ വേഗം വരുന്നു. ആമേൻ. കർത്താവായ യേശുവേ, വരേണമേ! |
| മത്താ. 24:40 | ആ സമയത്ത് രണ്ടു പുരുഷന്മാർ വയലിൽ ഉണ്ടായിരിക്കും; ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു. |
| മത്താ. 24:41 | രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിക്കുകയായിരിക്കും; ഒരുവൾ എടുക്കപ്പെടുന്നു, ഒരുവൾ ഉപേക്ഷിക്കപ്പെടുന്നു. |
| മത്താ. 24:42 | അതുകൊണ്ട്, നിങ്ങളുടെ കർത്താവ് ഏതു നാളിൽ വരുന്നു എന്ന് നിങ്ങൾ അറിയാത്തതിനാൽ, ഉണർന്നിരിക്കുവിൻ. |
| മത്താ. 24:43 | എന്നാൽ ഇതറിഞ്ഞുകൊള്ളുവിൻ, കള്ളൻ ഏതു യാമത്തിൽ വരുന്നു എന്ന് വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ, അവൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കുത്തിത്തുറക്കപ്പെടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. |
| മത്താ. 24:44 | ഇക്കാരണത്താൽ, നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. |
| മത്താ. 25:8 | മൂഢരോ വിവേകമുള്ളവരോട്, നിങ്ങളുടെ എണ്ണയിൽ നിന്ന് അൽപം ഞങ്ങൾക്കു തരുവിൻ, ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നു എന്നു പറഞ്ഞു. |
| മത്താ. 25:9 | എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു. |
| മത്താ. 25:10 | അവർ വാങ്ങുവാനായി പോകവേ, മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെട്ടു. |
| മത്താ. 25:11 | പിന്നീട്, ശേഷമുള്ള കന്യകമാരും, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞുകൊണ്ട് വന്നു. |
| മത്താ. 25:12 | എന്നാൽ അവൻ ഉത്തരം നൽകി, ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായി നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. |
| മത്താ. 25:13 | അതുകൊണ്ടു നിങ്ങൾ നാളും നാഴികയും അറിയാത്തതിനാൽ ഉണർന്നിരിക്കുവിൻ. |

G. വിദ്വാന്മാരെ തിരുവെഴുത്തുകൾ (2:4-6) ഉപയോഗിച്ച് തിരുത്തിയശേഷം, അവർ ബെത്ലഹേമിലേക്ക് പോയി (വാ. 8-9), ആ നക്ഷത്രം വീണ്ടും അവർക്ക് പ്രത്യക്ഷപ്പെട്ട്, ക്രിസ്തു ഉണ്ടായിരുന്ന സ്ഥലത്തേക്ക് അവരെ നയിച്ചു, "അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു." (വാ. 10):

| | |
|---|---|
| മത്താ. 2:4 | മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു |

ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും.

മത്താ. 2:8 അവരെ ബേത്ലഹേമിലേക്ക് അയച്ചിട്ട്, നിങ്ങൾ പോയി പൈതലിനെക്കുറിച്ചു കൃത്യമായി അന്വേഷിക്കുവിൻ; കണ്ടെത്തുമ്പോൾ, ഞാനും വന്ന് അവനെ ആരാധിക്കേണ്ടതിന്, എന്നെ അറിയിക്കുവിൻ എന്നു പറഞ്ഞു.

മത്താ. 2:9 രാജാവിനെ കേട്ടശേഷം അവർ അവരുടെ വഴിക്കു പോയി, ഇതാ, അവർ ഉദയത്തിൽ കണ്ട നക്ഷത്രം പൈതൽ ഉണ്ടായിരുന്ന ഇടത്തിനു മീതെ വന്നു നിൽക്കുന്നതുവരെ അവരെ നയിച്ചു.

1. തിരുവെഴുത്തുകൾ ഉപയോഗിച്ച് വിദ്വാന്മാരെ തിരുത്തി ശരിയായ പാതയിലേക്ക് തിരികെ കൊണ്ടുവന്നപ്പോൾ, നക്ഷത്രം അവർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു; ജീവനുള്ള ദർശനം എപ്പോഴും തിരുവെഴുത്തുകളെ സഹഗമിക്കുന്നു.
2. പുരോഹിതന്മാർ ജനത്തെ ന്യായപ്രമാണം പഠിപ്പിക്കുന്നവരായിരുന്നു (മലാ. 2:7), ശാസ്ത്രിമാർ തിരുവെഴുത്തുകൾ അറിയാവുന്നവരായിരുന്നു (എസ്രാ 7:6); പുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് അറിവുണ്ടായിരുന്നു (മത്താ. 2:5-6), എന്നാൽ കിഴക്കുനിന്നുള്ള വിദ്വാന്മാരെപ്പോലെ, അവർ ദർശനം കണ്ടില്ല, അവർക്ക് ക്രിസ്തുവിനെ അന്വേഷിക്കാനുള്ള ഹൃദയവും ഇല്ലായിരുന്നു.

മലാ. 2:7 പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവെക്കേണ്ടതും ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും അല്ലോ.

എസ്രാ. 7:6 ഈ എസ്രാ യിസ്രായേലിന്റെ ദൈവമായ യഹോവ നല്കിയ മോശെയുടെ ന്യായപ്രമാണത്തിൽ വിദഗ്ധനായ ശാസ്ത്രി ആയിരുന്നു; അവന്റെ ദൈവമായ യഹോവയുടെ കൈ അവന്നു അനുകൂലമായിരിക്കയാൽ രാജാവു അവന്റെ അപേക്ഷ ഒക്കെയും അവന്നു നല്കി.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ

നിന്നിൽനിന്നു പുറപ്പെട്ടുവരും."

3. നമ്മൾ എത്രതന്നെ "തിരുവെഴുത്തിൻപ്രകാരം" ഉള്ളവരായാലും, കർത്താവിന്റെ സാന്നിധ്യം നമുക്ക് നഷ്ടമായാൽ, നമ്മൾ തീർത്തും തെറ്റാണ്; കർത്താവിനെ കണ്ടെത്താനും അനുഗമിക്കാനുമുള്ള പുതിയനിയമ മാർഗം അവന്റെ മറഞ്ഞിരിക്കുന്ന സാന്നിധ്യത്തിൽ നിരന്തരം തുടരുക എന്നതാണ്—യോഹ. 5:39-40; യെശ. 45:15; പുറ. 33:11, 14; പ്ര.നി. 2 കൊരി. 5:16.

| | |
|---|---|
| യോഹ. 5:39 | നിങ്ങൾ തിരുവെഴുത്തുകളെ തിരയുന്നു, എന്തുകൊണ്ടെന്നാൽ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു; അവയാകുന്നു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്. |
| യോഹ. 5:40 | എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ല. |
| യെശ. 45:15 | യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ, നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം. |
| പുറ. 33:11 | ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു. |
| പുറ. 33:14 | അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു. |
| 2 കൊരി. 5:16 | അതിനാൽ ഇപ്പോൾ മുതൽ, ഞങ്ങൾ ആരെയും ജഡപ്രകാരം അറിയുന്നില്ല; ഞങ്ങൾ ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞിരിക്കുന്നുവെങ്കിലും, ഇനിമേൽ അങ്ങനെ അറിയുന്നില്ല. |

4. തിരുവെഴുത്തിലെ പരിജ്ഞാനം സമാഹരിക്കുവാൻ എളുപ്പമാണ്, എന്നാൽ നമുക്ക് ജീവനുള്ള മാർഗനിർദേശം ലഭിക്കണമെങ്കിൽ, കർത്താവുമായി ഒരു ഉറ്റ ബന്ധത്തിൽ നാം ജീവിക്കണം; നാം അവനോട് ഒന്നായിരിക്കണം—മത്താ. 2:10-14.

| | |
|---|---|
| മത്താ. 2:10 | അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു. |
| മത്താ. 2:11 | അവർ വീട്ടിലേക്ക് വന്ന് പൈതലിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കാണുകയും, നിലത്തു വീണ് അവനെ ആരാധിക്കുകയും ചെയ്തു; തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവർ അവനു പൊന്നും കുന്തുരുക്കവും മൂരും ഉപഹാരങ്ങളായി അർപ്പിച്ചു. |
| മത്താ. 2:12 | ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു |

വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി.

മത്താ. 2:13 അവർ പോയശേഷം ഇതാ, കർത്താവിന്റെ ഒരു ദൂതൻ, എഴുന്നേറ്റ് പൈതലിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രയീമിലേക്ക് ഓടിപ്പോകുക, ഞാൻ നിന്നോട് പറയുന്നതുവരെ അവിടെ ആയിരിക്കുക; ഹെരോദാവ് പൈതലിനെ നശിപ്പിക്കുന്നതിന് അവനെ അന്വേഷിക്കുവാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ട് യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി.

മത്താ. 2:14 അവൻ എഴുന്നേറ്റ് രാത്രിയിൽതന്നെ പൈതലിനെയും അവന്റെ അമ്മയെയും കൂട്ടി മിസ്രയീമിലേക്കു പിൻവാങ്ങി,

5. വിദ്വാന്മാർ ക്രിസ്തുവിനെ കണ്ട്, അവനെ ആരാധിച്ചു; അതിനുശേഷം അവർ ഹെരോദാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകരുതെന്ന് ദൈവം ഒരു സ്വപ്നത്തിൽ അവർക്ക് മുന്നറിയിപ്പ് നൽകി, അങ്ങനെ അവർ "മറ്റൊരു വഴിയിലൂടെ" അവരുടെ നാട്ടിലേക്ക് പോയി (വാ. 12); ഒരിക്കൽ നാം ക്രിസ്തുവിനെ കണ്ടാൽ, നാം ഒരിക്കലും അതേ വഴി, ക്രിസ്തുവിനെ കൂടാതെയുള്ള മതത്തിന്റെ വഴി എടുക്കുകയില്ല, നാം എപ്പോഴും മറ്റൊരു വഴി എടുക്കും.

മത്താ. 2:12 ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി.

**III. ക്രിസ്തുവിന്റെ വിശ്വസ്ത അനുയായികൾ പ്രകാശിക്കുന്നതും ജീവനുള്ളതുമായ നക്ഷത്രങ്ങളാണ്, അവർ പ്രകാശിക്കുന്നതും ജീവനുള്ളതുമായ നക്ഷത്രമെന്ന നിലയിൽ ക്രിസ്തുവിന്റെ തനിപ്പകർപ്പാകുവാൻ അവനെ അനുഗമിക്കുന്നവരാണ്—ദാനീ. 12:3; പ്ര.നി. ഉല്പ. 22:17:**

ദാനീ. 12:3 എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.

ഉല്പ. 22:17 ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും.

A. ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രീയതയും സാർവത്രികതയും എന്ന നിലയിൽ ക്രിസ്തുവിന്റെ സ്വർഗീയവും, ജീവനുള്ളതും, കാലികവും, തൽക്ഷണവുമായ ദർശനത്തെയാണ് ജീവനുള്ള നക്ഷത്രങ്ങൾ അനുഗമിക്കുന്നത്—പ്രവൃ. 26:16-18; കൊലൊ. 1:17, 18.

പ്രവൃ. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

പ്രവൃ. 26:17 ജനത്തിൽനിന്നും ജാതികളിൽനിന്നും നിന്നെ വിടുവിച്ചുകൊണ്ട് ഞാൻ നിന്നെ,

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

കൊലൊ. 1:17 അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു;

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

B. ജീവനുള്ള നക്ഷത്രങ്ങൾ ദൈവജനത്തെ അനുഗ്രഹിക്കുന്നവരാണ്; ദൈവജനത്തെച്ചൊല്ലി നാം എത്രത്തോളം കർത്താവിനെ സ്തുതിക്കുകയും വിശ്വാസത്തോടെ അവരെക്കുറിച്ച് നന്നായി സംസാരിക്കുകയും ചെയ്യുമോ അത്രത്തോളം നാം നമ്മെത്തന്നെ ദൈവത്തിന്റെ അനുഗ്രഹത്തിൻ കീഴിൽ വയ്ക്കുന്നു—സംഖ്യാ. 24:9; ഉല്പ. 12:2-3; 22:17.

സംഖ്യ. 24:9 അവൻ സിംഹംപോലെ പതുങ്ങിക്കിടക്കുന്നു; ഒരു സിംഹികണക്കെത്തന്നേ; ആർ അവനെ ഉണർത്തും? നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ; നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

ഉല്പ. 12:2 ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും.

ഉല്പ. 12:3 നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഉല്പ. 22:17 ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും.

C. ക്രിസ്തു ഉദയനക്ഷത്രമായി അനുദിനം അവരുടെ ഹൃദയങ്ങളിൽ ഉദിക്കത്തക്കവണ്ണം, "ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ" ജീവനുള്ള നക്ഷത്രങ്ങൾ തിരുവെഴുത്തുകളിലെ പ്രവചന വചനത്തിന് ശ്രദ്ധകൊടുക്കുന്നു; ബൈബിളിലെ വചനത്തിന് നാം ശ്രദ്ധകൊടുത്താൽ, ഉദയനക്ഷത്രമായി അവൻ വാസ്തവമായി പ്രത്യക്ഷപ്പെടുന്നതിന് മുമ്പ്, ഇന്ന് നാം ആയിരിക്കുന്ന വിശ്വാസത്യാഗത്തിന്റെ ഇരുട്ടിൽ പ്രകാശിക്കുവാൻ അവൻ നമ്മുടെ ഹൃദയങ്ങളിൽ ഉദിക്കും—2 പത്രൊ. 1:19; യോഹ. 6:63; വെളി. 2:28; 22:16; 2 തിമൊ. 4:8:

2 പത്രൊ. 1:19 കൂടാതെ അധികം ഉറപ്പാക്കിയ പ്രവാചക വചനവും നമുക്കുണ്ട്, നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ നിങ്ങൾ അതിന് ശ്രദ്ധകൊടുക്കുന്നതിൽ നന്നായി ചെയ്യുന്നു.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും

പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

വെളി. 2:28 ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും.

വെളി. 22:16 യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി ഈ കാര്യങ്ങളെ നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എന്റെ ദൂതനെ അയച്ചിരിക്കുന്നു. ഞാൻ ദാവീദിന്റെ വേരും സന്തതിയും, ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു.

2 തിമൊ. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

1. ഉദയനക്ഷത്രത്തിന്റെ തത്വത്തിൽ, ഒരു ക്രിസ്ത്യാനി അതിരാവിലെ എഴുന്നേൽക്കണം, കാരണം അതിരാവിലെയാണ് കർത്താവിനെ കണ്ടുമുട്ടുവാനുള്ള (ദൈവവുമായി കൂട്ടായ്മ ആചരിക്കുവാനും, സ്തുതിക്കുവാനും പാടുവാനും, ശുശ്രൂഷയോടൊപ്പം വേദപുസ്തകം പ്രാർഥിച്ചു വായിക്കുവാനും, കർത്താവിനോട് പ്രാർഥിക്കുവാനും) ഏറ്റവും നല്ല സമയം—ഉത്ത. 7:12; സങ്കീ. 5:1-3; 57:8-9; 59:16-17; 63:1-8; 90:14; 92:1-2; 108:2-3; 143:8; പുറ. 16:21.

ഉത്ത. 7:12 പ്രിയാ, വരിക; നാം വെളിംപ്രദേശത്തു പോക; നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

സങ്കീ. 5:1 സംഗീതപ്രമാണിക്കു വേണുനാദത്തോടെ; ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവേ, എന്റെ വാക്കുകൾക്കു ചെവി തരേണമേ; എന്റെ ധ്യാനത്തെ ശ്രദ്ധിക്കേണമേ;

സങ്കീ. 5:2 എന്റെ രാജാവും എന്റെ ദൈവവുമായുള്ളോവേ, എന്റെ സങ്കടയാചന കേൾക്കേണമേ; നിന്നോടല്ലോ ഞാൻ പ്രാർത്ഥിക്കുന്നതു.

സങ്കീ. 5:3 യഹോവേ, രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ; രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു.

സങ്കീ. 57:8 എൻ മനമേ, ഉണരുക; വീണയും കിന്നരവുമായുള്ളോവേ ഉണരുവിൻ! ഞാൻ അതികാലത്തെ ഉണരും.

സങ്കീ. 57:9 കർത്താവേ, വംശങ്ങളുടെ ഇടയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും; ജാതികളുടെ മദ്ധ്യേ ഞാൻ നിനക്കു കീർത്തനം ചെയ്യും.

സങ്കീ. 59:16 ഞാനോ നിന്റെ ബലത്തെക്കുറിച്ചു പാടും; അതികാലത്തു ഞാൻ നിന്റെ ദയയെക്കുറിച്ചു ഘോഷിച്ചാനന്ദിക്കും. കഷ്ടകാലത്തു നീ എന്റെ ഗോപുരവും അഭയസ്ഥാനവും ആയിരുന്നു.

സങ്കീ. 59:17 എന്റെ ബലമായുള്ളോവേ, ഞാൻ നിനക്കു സ്തുതിപാടും; ദൈവം എന്റെ ഗോപുരവും എന്നോടു ദയയുള്ള ദൈവവും അല്ലോ.

സങ്കീ. 63:1 ദാവീദിന്റെ ഒരു സങ്കീർത്തനം; അവൻ യെഹൂദാമരുഭൂമിയിൽ ഇരിക്കും കാലത്തു ചമെച്ചതു. ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ

| | |
|---|---|
| | നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു. |
| സങ്കീ. 63:2 | അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിന്നു ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്നെ നോക്കിയിരിക്കുന്നു. |
| സങ്കീ. 63:3 | നിന്റെ ദയ ജീവനെക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും. |
| സങ്കീ. 63:4 | എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും. |
| സങ്കീ. 63:5 | എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ |
| സങ്കീ. 63:6 | എന്റെ പ്രാണന്നു മജ്ജയും മേദസ്സുംകൊണ്ടു എന്നപോലെ തൃപ്തിവരുന്നു; എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു. |
| സങ്കീ. 63:7 | നീ എനിക്കു സഹായമായിത്തീർന്നുവല്ലോ; നിന്റെ ചിറകിൻനിഴലിൽ ഞാൻ ഘോഷിച്ചാനന്ദിക്കുന്നു. |
| സങ്കീ. 63:8 | എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു; നിന്റെ വലങ്കൈ എന്നെ താങ്ങുന്നു. |
| സങ്കീ. 90:14 | കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും. |
| സങ്കീ. 92:1 | ശബ്ബത്ത് നാൾക്കുള്ള ഒരു ഗീതം; ഒരു സങ്കീർത്തനം. യഹോവെക്കു സ്തോത്രം ചെയ്യുന്നതും അത്യുന്നതനായുള്ളോവേ, നിന്റെ നാമത്തെ കീർത്തിക്കുന്നതും |
| സങ്കീ. 92:2 | പത്തു കമ്പിയുള്ള വാദിത്രംകൊണ്ടും വീണകൊണ്ടും ഗംഭീരസ്വരമുള്ള കിന്നരംകൊണ്ടും |
| സങ്കീ. 108:2 | വീണയും കിന്നരവുമായുള്ളോവേ, ഉണരുവിൻ; ഞാൻ അതികാലത്തെ ഉണരും. |
| സങ്കീ. 108:3 | യഹോവേ, വംശങ്ങളുടെ ഇടയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും; ജാതികളുടെ മദ്ധ്യേ ഞാൻ നിനക്കു കീർത്തനം പാടും. |
| സങ്കീ. 143:8 | രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കേണമേ; ഞാൻ നിന്നിൽ ആശ്രയിക്കുന്നുവല്ലോ; ഞാൻ നടക്കേണ്ടുന്ന വഴി എന്നെ അറിയിക്കേണമേ; ഞാൻ എന്റെ ഉള്ളം നിങ്കലേക്കു ഉയർത്തുന്നുവല്ലോ. |
| പുറ. 16:21 | അവർ രാവിലെതോറും അവനവന്നു ഭക്ഷിക്കാകുന്നേടത്തോളം പെറുക്കും; വെയിൽ മൂക്കുമ്പോൾ അതു ഉരുകിപ്പോകും. |

2. തന്നെ സ്നേഹിക്കുന്നവർക്കും തന്നെ കാത്തിരിക്കുന്നവർക്കും, ദീർഘനാളത്തെ അസാന്നിധ്യത്തിനു ശേഷമുള്ള അവന്റെ മടങ്ങിവരവിൽ അവന്റെ സാന്നിധ്യത്തിന്റെ പുതുമ ആസ്വദിക്കേണ്ടതിന് കർത്താവ്

രഹസ്യമായി അവനെത്തന്നെ ഉദയനക്ഷത്രമായി അവർക്കു നൽകും—1 തെസ്സ. 5:6; വെളി. 2:28; 3:2-3; 16:15.

| | |
|---|---|
| 1 തെസ്സ. 5:6 | അതിനാൽ ശേഷമുള്ളവരെ പോലെ ഉറങ്ങാതെ, നമുക്ക് ഉണർന്നും സുബോധത്തോടെയുമിരിക്കാം. |
| വെളി. 2:28 | ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. |
| വെളി. 3:2 | ഉണർന്നിരിക്കുക, ചാകാറായ ശേഷിക്കുന്ന കാര്യങ്ങളെ ഉറപ്പിക്കുക; എന്റെ ദൈവത്തിനു മുമ്പാകെ നിന്റെ പ്രവൃത്തികളൊന്നും പൂർത്തിയാക്കിയതായി ഞാൻ കണ്ടില്ല. |
| വെളി. 3:3 | അതുകൊണ്ട് നീ എപ്രകാരം പ്രാപിക്കുകയും കേൾക്കുകയും ചെയ്തിരിക്കുന്നു എന്ന് ഓർത്തുകൊള്ളുക, അതിനെ കാക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുക. അതുകൊണ്ട് നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ, ഞാൻ കള്ളനെപ്പോലെ വരും, ഞാൻ ഏതു നാഴികയിൽ നിന്റെമേൽ വരുമെന്ന് നീ ഒരുവിധത്തിലും അറിയുകയില്ല. |
| വെളി. 16:15 | (ഇതാ, ഞാൻ കള്ളനെപ്പോലെ വരുന്നു. താൻ നഗ്നനായി നടക്കാതെയും തന്റെ ലജ്ജ അവർ കാണാതെയും ഇരിക്കേണ്ടതിന്, ഉണർന്നും തന്റെ വസ്ത്രം സൂക്ഷിച്ചും കൊള്ളുന്നവൻ അനുഗ്രഹീതൻ.) |

D. ദൈവത്തിന്റെ കെട്ടുപണിക്കായി അവരെ തീവ്രമായി ജീവനുള്ളവരും തീവ്രമായി പ്രകാശിക്കുന്നവരും ആക്കുന്നതിനായി ജീവനുള്ള നക്ഷത്രങ്ങൾ ഏഴിരട്ടി തീവ്രതപ്രാപിച്ച ആത്മാവിനെ ആസ്വദിക്കുകയും അവനാൽ നിറയുകയും ചെയ്യുന്നു—3:1; 4:5; 5:6.

| | |
|---|---|
| വെളി. 3:1 | സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു. |
| വെളി. 4:5 | സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു; |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |

E. ജീവനുള്ള നക്ഷത്രങ്ങൾ, അവർക്ക് യേശുവിന്റെ സാക്ഷ്യത്തിനായി ദൈവജനത്തിലേക്ക് പുതുമയുള്ള, ഇന്നത്തെ ക്രിസ്തുവിനെ പകരുവാൻ കഴിയത്തക്കവണ്ണം, ദൈവത്തിന്റെ ദൂതനായും ദൈവത്തിൽനിന്നുള്ള പുതുമയുള്ള സന്ദേശമായും ശ്വാസമായ ക്രിസ്തുവിനെ ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന സഭകളുടെ ദൂതന്മാരാണ്—1:16, 20; 2:1; മലാ. 3:1-3.

| | |
|---|---|
| വെളി. 1:16 | അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു; |

അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും; അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു.

വെളി. 1:20 എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

വെളി. 2:1 എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

മലാ. 3:1 എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന്നു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

മലാ. 3:2 എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളംപോലെയും ആയിരിക്കും.

മലാ. 3:3 അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവിപുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവെക്കു വഴിപാടു അർപ്പിക്കും.

F. ജീവനുള്ള നക്ഷത്രങ്ങൾക്ക് “ഹൃദയത്തിൽ വലിയ നിർണയങ്ങളും” “വലിയ ഹൃദയശോധനകളും” ഉണ്ട്; അവർ ദൈവത്തെ സ്നേഹിക്കുന്നവരാണ്, അവർ ദൈവത്തോടൊപ്പം അവന്റെ ശത്രുവിനെതിരെ പോരാടാൻ “സ്വഗതികളിൽനിന്നുള്ള നക്ഷത്രങ്ങൾ” പോലെയാണ്, അങ്ങനെ അവർ “സൂര്യൻ പ്രതാപത്തോടെ ഉദിക്കുന്നതുപോലെ” ആകുകയും “തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുന്നവരാകുകയും” ചെയ്യും—ന്യായാ. 5:15-16, 20, 31; ദാനീ. 11:32; മത്താ. 13:43.

ന്യായാ. 5:15 യിസ്സാഖാർപ്രഭുക്കന്മാർ ദെബോരയോടുകൂടെ യിസ്സാഖാർ എന്നപോലെ ബാരാക്കും താഴ്വരയിൽ അവനോടുകൂടെ ചാടി പുറപ്പെട്ടു. രൂബേന്റെ നീർച്ചാലുകൾക്കരികെ ഘനമേറിയ മനോനിർണ്ണയങ്ങൾ ഉണ്ടായി.

ന്യായാ. 5:16 ആട്ടിൻകൂട്ടങ്ങൾക്കരികെ കുഴലൂത്തു കേൾപ്പാൻ നീ തൊഴുത്തുകൾക്കിടയിൽ പാർക്കുന്നതെന്തു? രൂബേന്റെ നീർച്ചാലുകൾക്കരികെ ഘനമേറിയ മനോനിർണ്ണയങ്ങൾ ഉണ്ടായി.

ന്യായാ. 5:20 ആകാശത്തുനിന്നു നക്ഷത്രങ്ങൾ പൊരുതു അവ സീസെരയുമായി സ്വഗതികളിൽ പൊരുതു.

ന്യായാ. 5:31 യഹോവേ, നിന്റെ ശത്രുക്കൾ ഒക്കെയും ഇവ്വണ്ണം നശിക്കട്ടെ. അവനെ സ്നേഹിക്കുന്നവരോ സൂര്യൻ പ്രതാപത്തോടെ

ഉദിക്കുന്നതുപോലെ തന്നേ. പിന്നെ ദേശത്തിന്നു നാല്പതു സംവത്സരം സ്വസ്ഥത ഉണ്ടായി.

| | |
|---|---|
| ദാനീ. 11:32 | നിയമത്തിന്നു വിരോധമായി ദുഷ്ടത പ്രവർത്തിക്കുന്നവരെ അവൻ ഉപായംകൊണ്ടു വഷളാക്കും; എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറെച്ചുനിന്നു വീര്യം പ്രവർത്തിക്കും. |
| മത്താ. 13:43 | അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. |

G. ഇരുട്ടിൽ നടക്കുമ്പോൾ വെളിച്ചം ലഭിക്കേണ്ടതിന് യഹോവയെ ഭയപ്പെടുകയും, അവന്റെ ദാസന്റെ ശബ്ദം കേട്ട്, യഹോവയിൽ ആശ്രയിക്കുകയും ചെയ്യുന്നവരാണ് ജീവനുള്ള നക്ഷത്രങ്ങൾ—യെശ. 50:10-11; സങ്കീ. 139:7-12, 23-24:

| | |
|---|---|
| യെശ. 50:10 | നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ. |
| യെശ. 50:11 | ഹാ, തീ കത്തിച്ചു തീയമ്പുകൾ അരെക്കു കെട്ടുന്നവരേ, നിങ്ങൾ എല്ലാവരും നിങ്ങളുടെ തീയുടെ വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരിക്കുന്ന തീയമ്പുകളുടെ ഇടയിലും നടപ്പിൻ; എന്റെ കയ്യാൽ ഇതു നിങ്ങൾക്കു ഭവിക്കും; നിങ്ങൾ വ്യസനത്തോടെ കിടക്കേണ്ടിവരും. |
| സങ്കീ. 139:7 | നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? |
| സങ്കീ. 139:8 | ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു. |
| സങ്കീ. 139:9 | ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ |
| സങ്കീ. 139:10 | അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും. |
| സങ്കീ. 139:11 | ഇരുട്ടു എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായ്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ |
| സങ്കീ. 139:12 | ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ. |
| സങ്കീ. 139:23 | ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. |
| സങ്കീ. 139:24 | വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ. |

1. ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കുന്നതിനു പകരം തങ്ങൾക്കായി വെളിച്ചം ഉണ്ടാക്കി, സ്വയ നിർമ്മിത വെളിച്ചത്തിൽ നടക്കുന്നവർ പീഡ അനുഭവിക്കും—യെശ. 50:11.

യെശ. 50:11 ഹാ, തീ കത്തിച്ചു തീയമ്പുകൾ അരെക്കു കെട്ടുന്നവരേ, നിങ്ങൾ എല്ലാവരും നിങ്ങളുടെ തീയുടെ വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരിക്കുന്ന തീയമ്പുകളുടെ ഇടയിലും നടപ്പിൻ; എന്റെ കയ്യാൽ ഇതു നിങ്ങൾക്കു ഭവിക്കും; നിങ്ങൾ വ്യസനത്തോടെ കിടക്കേണ്ടിവരും.

2. നാം നമുക്കായിത്തന്നെ ഉണ്ടാക്കുന്ന വെളിച്ചത്തിലല്ല, ദൈവം നൽകുന്ന വെളിച്ചത്തിൽ നടക്കേണ്ടതിന് ഇത് നമുക്ക് ഒരു മുന്നറിയിപ്പായിരിക്കണം; "വരുവിൻ, നമുക്ക് യഹോവയുടെ വെളിച്ചത്തിൽ നടക്കാം"—2:5.

H. തന്റെ കൂടുതലായുള്ള സൃഷ്ടിയോടുകൂടിയ ദൈവത്തിന്റെ പുനഃസ്ഥാപനത്തിന്റെ നാലാം ദിവസം സ്ഥാപിതമായ നക്ഷത്രങ്ങളാൽ ജീവനുള്ള നക്ഷത്രങ്ങൾ മുൻകുറിക്കപ്പെടുന്നു, അതിൽ അവ അവയുടെ പ്രകാശത്താൽ ഭരിക്കുന്നു; പ്രകാശമുള്ളിടത്ത് ജീവന്റെ വളർച്ചയ്ക്കായുള്ള ഭരണമുണ്ട്—ഉല്പ. 1:14-19:

ഉല്പ. 1:14 പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിവാനായും ഉതകട്ടെ;

ഉല്പ. 1:15 ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശവിതാനത്തിൽ അവ വെളിച്ചങ്ങളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു.

ഉല്പ. 1:16 പകൽ വാഴേണ്ടതിന്നു വലിപ്പമേറിയ വെളിച്ചവും രാത്രി വാഴേണ്ടതിന്നു വലിപ്പം കുറഞ്ഞ വെളിച്ചവും ആയി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി; നക്ഷത്രങ്ങളെയും ഉണ്ടാക്കി.

ഉല്പ. 1:17 ഭൂമിയെ പ്രകാശിപ്പിപ്പാനും പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ വേർപിരിപ്പാനുമായി

ഉല്പ. 1:18 ദൈവം അവയെ ആകാശവിതാനത്തിൽ നിർത്തി; നല്ലതു എന്നു ദൈവം കണ്ടു.

ഉല്പ. 1:19 സന്ധ്യയായി ഉഷസ്സുമായി, നാലാം ദിവസം.

1. കയാന്തരണ പർവതത്തിൽവച്ചുള്ള കർത്താവായ യേശുവിന്റെ പ്രകാശിക്കൽ ശക്തിയോടെയുള്ള രാജ്യത്തിന്റെ വരവായിരുന്നു; ഈ പ്രകാശിക്കൽ യഥാർഥത്തിൽ ത്രിയേക ദൈവത്തിന്റെ ഭരണസാന്നിധ്യമാണ്—മത്താ. 17:1-8; മർക്കൊ. 9:1-8.

മത്താ. 17:1 ആറു ദിവസങ്ങൾക്കുശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടിക്കൊണ്ട് സ്വകാര്യമായി അവരെ ഒരു ഉയർന്ന മലയിലേക്കു കൊണ്ടുവന്നു.

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മത്താ. 17:3 ഇതാ, മോശെയും ഏലീയാവും, അവനോടു സംഭാഷിക്കുന്നതായി അവർക്കു പ്രത്യക്ഷമായി.

മത്താ. 17:4 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, കർത്താവേ, നമുക്ക് ഇവിടെ ആയിരിക്കുന്നത് നല്ലത്; നീ ഇച്ഛിക്കുന്നു

എങ്കിൽ ഇവിടെ മൂന്നു കൂടാരങ്ങൾ ഞാൻ ഉണ്ടാക്കാം, ഒന്ന് നിനക്കും, ഒന്ന് മോശെക്കും, ഒന്ന് ഏലീയാവിനും എന്നു പറഞ്ഞു.

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

മത്താ. 17:6 ശിഷ്യന്മാർ ഇതു കേട്ടതും കവിണ്ണുവീണ്, അത്യന്തം ഭയപ്പെട്ടു.

മത്താ. 17:7 യേശുവോ അവരുടെ അടുക്കൽ വന്ന് അവരെ തൊട്ടു, എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു.

മത്താ. 17:8 അവർ തങ്ങളുടെ കണ്ണുകൾ ഉയർത്തിയപ്പോൾ, യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

മർക്കൊ. 9:1 അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം ശക്തിയിൽ വന്നിരിക്കുന്നതു കാണുംവരെ ഒരുവിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട് എന്നു പറഞ്ഞു.

മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

മർക്കൊ. 9:3 അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

മർക്കൊ. 9:4 ഏലീയാവ് മോശെയോടൊപ്പം അവർക്കു പ്രത്യക്ഷമായി, അവർ യേശുവിനോടു സംഭാഷിക്കുകയായിരുന്നു.

മർക്കൊ. 9:5 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, റബ്ബീ നാം ഇവിടെ ആയിരിക്കുന്നതു നല്ലതാകുന്നു; നമുക്കു മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിനും എന്നു പറഞ്ഞു.

മർക്കൊ. 9:6 അവൻ എന്ത് ഉത്തരം പറയേണം എന്ന് അറിഞ്ഞിരുന്നില്ല, അവർ ഭയപരവശരായിരുന്നു.

മർക്കൊ. 9:7 അവരെ നിഴലിട്ടുകൊണ്ട് ഒരു മേഘം പ്രത്യക്ഷമായി, മേഘത്തിൽനിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനെ കേൾക്കുവിൻ! എന്നൊരു ശബ്ദവും വന്നു,

മർക്കൊ. 9:8 പെട്ടെന്ന്, അവർ ചുറ്റും നോക്കിയപ്പോൾ, തങ്ങളോടൊപ്പം യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

2. അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും ആസ്വാദനത്തോടും കൂടിയ, ദൈവത്തിന്റെ ഭരണവും വഴ്ച്ചയും എന്ന നിലയിൽ ദൈവരാജ്യം കർത്താവായ യേശുവിന്റെ പ്രകാശനവും നമ്മുടെ മേൽ പ്രകാശിക്കുന്നതിനാലുള്ള കർത്താവായ യേശുവിന്റെ വ്യാപനവുമാണ്.
3. രാജ്യം എന്നത് കർത്താവായ യേശുവിന്റെ യാഥാർഥ്യത്തിന്റെ പ്രകാശിക്കലാണ്; അവൻ നമ്മുടെ മേൽ പ്രകാശിക്കുകയും നാം ആ പ്രകാശിക്കലിൻ കീഴിൽ ആയിരിക്കുകയും ചെയ്യുമ്പോഴെല്ലാം, നമ്മുടെ ജീവന്റെ വളർച്ചയ്ക്കായി നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ ഭരണത്തിനും വാഴ്ച്ചയ്കക്കും കീഴിൽ നാം രാജ്യത്തിലാണ്.

I. പ്രതിലോമ വശത്ത്, "അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങൾ" ആയ ചിലരുണ്ട്—യൂദാ 12-13:

യൂദാ. 1:12 ഇവർ തങ്ങളെത്തന്നെ മേയിച്ചുകൊണ്ട്, നിർഭയത്തോടെ നിങ്ങളോടൊപ്പം വിരുന്നുകഴിക്കുന്ന, നിങ്ങളുടെ സ്നേഹവിരുന്നുകളിലെ മറഞ്ഞിരിക്കുന്ന പാറകൾ; കാറ്റിനാൽ എടുത്തുമാറ്റപ്പെടുന്ന വെള്ളമില്ലാത്തമേഘങ്ങൾ; രണ്ടുവട്ടം ചത്തിട്ട്, പിഴുതെടുക്കപ്പെട്ട, ഫലമില്ലാത്ത ശരത്കാല വൃക്ഷങ്ങൾ;

യൂദാ. 1:13 തങ്ങളുടെ സ്വന്തം ലജ്ജകളെ പുറത്തേക്കു നുരച്ചുതള്ളുന്ന, ക്ഷോഭ തിരകൾ; നിത്യതയ്ക്കായി കൂരിരുൾ സൂക്ഷിച്ചുവച്ചിരിക്കുന്ന, അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങൾ.

1. അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങൾ എന്ന രൂപകാലങ്കാരം സൂചിപ്പിക്കുന്നത്, ക്രമംകെട്ട ഉപദേശകന്മാരായ വിശ്വാസത്യാഗികൾ, സ്വർഗീയ വെളിപാടിന്റെ മാറ്റമില്ലാത്ത സത്യങ്ങളിൽ ദൃഢമായി ഉറച്ചിരുന്നില്ല, മറിച്ച്, നക്ഷത്രങ്ങളെപ്പോലെയുള്ള ദൈവജനത്തിനിടയിൽ അലഞ്ഞുനടക്കുകയായിരുന്നു എന്നാണ്.
2. ക്രമംകെട്ട വിശ്വാസത്യാഗികൾ ഇന്ന് അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളാണ്, എന്നാൽ ഒടുവിൽ നിത്യതയോളം അവർക്കായി സൂക്ഷിച്ചിരിക്കുന്ന കൂരിരുളിൽ അവർ ബന്ധിക്കപ്പെടും.
3. സ്ഥലം സഭകൾ ദിവ്യ വ്യവസ്ഥയുടെ ലക്ഷ്യമല്ല, മറിച്ച് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമെന്ന ലക്ഷ്യത്തിലെത്താനുള്ള നടപടിക്രമമാണ് എന്ന് പഠിപ്പിക്കാത്ത ഏതൊരുവനും ഈ യുഗത്തിലെ ദൈവത്തിന്റെ ശുശ്രൂഷയുടെ ആവശ്യവുമായി പൊരുത്തപ്പെടുന്നില്ല; ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തിനായി സഭകളുടെ സമന്വയനത്തിൽനിന്ന് നമ്മെ തടയുന്ന ഏവനും ഒരു അലഞ്ഞുനടക്കുന്ന നക്ഷത്രമാണ്; യഥാർഥ നക്ഷത്രങ്ങൾ പലരെയും നീതിയിലേക്ക് തിരിക്കുന്നവരാണ്, അവർ ജനത്തെ വഴിതെറ്റിക്കാതെ ശരിയായ വഴിയിലേക്ക് നയിക്കുന്നവരാണ്.
4. ഇന്ന് ജീവനുള്ള നക്ഷത്രവും ജീവനുള്ള നക്ഷത്രങ്ങളും നമ്മിൽനിന്ന് അകലെയല്ല—അവർ ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രായോഗിക ആവിഷ്കാരങ്ങളായ സ്ഥലം സഭകളിലും സ്ഥലം സഭകളോടുകൂടെയും ഉണ്ട് (വെളി. 1:11, 20); എല്ലാ സ്ഥലം സഭകളുടെ ഇടയിലും ചില ജീവിനുള്ള നക്ഷത്രങ്ങളുണ്ട്; നമ്മൾ അവരെ ബന്ധപ്പെടുകയും അവരുമായി

സഹവസിക്കുകയും വേണം; അവർ നമ്മെ യേശു ഉള്ള സ്ഥലത്തേക്ക് നയിക്കും.

| | |
|---|---|
| വെളി. 1:11 | അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക. |
| വെളി. 1:20 | എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു. |

J. കർത്താവിനെ കണ്ടുമുട്ടുവാനും, അവനെ ആരാധിക്കുവാനും, നമ്മുടെ സ്നേഹം അവന് അർപ്പിക്കുവാനും കഴിയേണ്ടതിന് നമ്മെ എപ്പോഴും ശരിയായ മാർഗത്തിൽ കാക്കുവാൻ കർത്താവ് നമ്മോട് കരുണ കാണിക്കട്ടെ; ജീവനുള്ള നക്ഷത്രങ്ങളെന്ന നിലയിൽ അവന്റെ തനിപ്പകർപ്പായിത്തീരുന്നതിന്, ക്രിസ്തുവിനെ കണ്ടെത്തുവാനും അവനെ സംബന്ധിച്ച പുതിയ കണ്ടെത്തലുകൾ നടത്തുവാനും കർത്താവ് നമ്മെയെല്ലാവരെയും ജീവനുള്ള നക്ഷത്രത്തെ പിന്തുടരുന്ന വിദ്വാന്മാരെപ്പോലെയാക്കട്ടെ—പ്ര.നി. എഫെ. 5:8-9; യിരെ. 15:16.

| | |
|---|---|
| എഫെ. 5:8 | എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു; |
| എഫെ. 5:9 | കർത്താവിനു സുപ്രസാദമായത് എന്തെന്ന് ശോധനചെയ്ത്, വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ, |
| യിരെ. 15:16 | ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ, ... |

## <u>ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുവാൻ ദൈവത്തിന്റെ ജനത്തെ അനുഗ്രഹിക്കുന്നു</u>

“നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും,
നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും”—ഉല്പ. 12:3

“നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ,
നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ”—സംഖ്യ. 24:9

*CWWL, 1978,* vol. 1, p. 203:

യോഗങ്ങളെ വിമർശിക്കുന്നത് കർത്താവിന്റെ ദൃഷ്ടിയിൽ ദുഷ്ടവും അശുദ്ധവുമാണ്. കർത്താവ് നിങ്ങളോട് ഇങ്ങനെ പറയും: “ഇത് എന്റെ ശരീരമാണ്. നീ ആരാണ്? എന്റെ സഭയുടെ ഒരു യോഗത്തിന് ഒരു മാനദണ്ഡം ഉണ്ടാക്കുവാൻ നിനക്ക് ആരാണ് അവകാശം

തന്നത്?" യോഗത്തെക്കുറിച്ച് വിമർശനാത്മകമായ എന്തെങ്കിലും നിങ്ങൾ പറഞ്ഞാലുടനെ നിങ്ങൾ ഒരുമ തകർക്കുന്നു. ഒരു നല്ല യോഗത്തെക്കുറിച്ചുള്ള നിങ്ങളുടെ ആശയത്തെ മറ്റുള്ളവർ ഇഷ്ടപ്പെടുന്നില്ലെന്ന് കരുതുക. നിങ്ങൾ എന്ത് പറയും? ഞാൻ യോഗത്തെ ഇഷ്ടപ്പെടുന്നുണ്ടാവില്ല, എന്നാൽ ഇത് ഭിന്നതയ്ക്ക് കാരണമാകുമെന്ന് എനിക്കറിയാവുന്നതുകൊണ്ട് ഒരു വാക്കുപോലും പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല...യോഗത്തെ ഞാൻ ഇഷ്ടപ്പെടുന്നില്ലെന്ന് പറയുവാൻ ഞാൻ ആരാണ്? കർത്താവിന്റെ കരുണാമയമായ പ്രകാശം നമ്മുടെമേലും നിരവധി പ്രിയപ്പെട്ടവരുടെമേലും വരുമാറാകട്ടെ.

*Life-study of Exodus,* msg. 7, pp. 78-80:

ദൈവം തന്റെ ജനത്തെ കാണുന്നതുപോലെ അവരെ കാണുവാൻ എന്നെ സഹായിച്ച ഒരു കാര്യം 1940-കളുടെ തുടക്കത്തിൽ ഷാങ്ഹായിൽ നടന്ന ഒരു പ്രാർഥനായോഗത്തിൽ സംഭവിച്ചു. സഭയുടെ താണ സ്ഥിതിയാൽ വിഷമിച്ചിരുന്ന ഒരു പരിചയസമ്പന്നയായ കൂട്ടുവേലക്കാരി സഭയ്ക്കുവേണ്ടി ആ യോഗത്തിൽ കർത്താവിനോട് നിലവിളിച്ചു. അവൾ പ്രാർഥിച്ചപ്പോൾ, സഭയുടെ മോശം അവസ്ഥ നിമിത്തം അവൾ നെടുവീർപ്പിടുകയും ഞരങ്ങുകയും ചെയ്തു. അവൾ പ്രാർഥിച്ചുകഴിഞ്ഞപ്പോൾ, സഹോദരൻ നീ കർത്താവിനെ സ്തുതിക്കുകയും സഭ ഒരിക്കലും ദുർബലമോ താണതോ അല്ല, മറിച്ച് എല്ലായ്പോഴും ഉയർന്നതാണെന്നതിന് അവന് നന്ദി പറയുകയും ചെയ്തു. സഭ ഞെട്ടിപ്പോയി. യിസ്രായേൽമക്കളെ സംബന്ധിച്ച ബിലെയാമിന്റെ പ്രവചനത്തിന്റെ സവിശേഷത മനസ്സിലാക്കുവാൻ സഹോദരൻ നീ ഞങ്ങളെ സഹായിച്ചു. യിസ്രായേൽമക്കളെ ശപിക്കുവാൻ ബാലാക്ക് ബിലെയാമിനെ കൂലിക്കെടുത്തതായിരുന്നു. എന്നാൽ ദൈവത്തിന്റെ ജനത്തെ ശപിക്കുന്നതിനുപകരം, ബിലെയാം അവരെ അനുഗ്രഹിച്ചു. ദൈവത്തിനുവേണ്ടി സംസാരിച്ചുകൊണ്ട് ബിലെയാം പറഞ്ഞു: "യാക്കോബിൽ തിന്മ കാണ്മാനില്ല; യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല" (സംഖ്യ. 23:21). കൂടാതെ, സംഖ്യ 24:5-ൽ ബിലെയാം പറഞ്ഞു: "യാക്കോബേ, നിന്റെ കൂടാരങ്ങൾ, യിസ്രായേലേ, നിന്റെ നിവാസങ്ങൾ എത്ര മനോഹരം!" ഈ വാക്യങ്ങളനുസരിച്ച്, ദൈവം യിസ്രായേലിൽ അകൃത്യമോ കഷ്ടതയോ കണ്ടില്ല. പകരം, അവൻ നന്മയും, മനോഹാരിതയും, സൗന്ദര്യവും മാത്രമേ കണ്ടുള്ളൂ. ഇന്നും സഭയെ സംബന്ധിച്ച് അങ്ങനെ തന്നെയാണ്.

സഭ താണതോ മരിച്ചതോ ആണെന്ന് പറയരുത്. നിങ്ങൾ ഇത് എത്രയധികം പറയുന്നുവോ അത്രയധികം നിങ്ങൾ നിങ്ങളെത്തന്നെ ഒരു ശാപത്തിൻകീഴിൽ വയ്ക്കുന്നു. എങ്കിലും, സഭാജീവിതത്തിനായി നിങ്ങൾ കർത്താവിനെ സ്തുതിക്കുകയും അതിനെ സംബന്ധിച്ച് നല്ലതായി സംസാരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ ദൈവത്തിന്റെ അനുഗ്രഹത്തിൻകീഴിൽ വയ്ക്കും. ഞാൻ സഭാജീവിതത്തിലായിരുന്ന എല്ലാ വർഷങ്ങളിലും, ദൈവത്തിന്റെ അനുഗ്രഹത്തിൻകീഴിലായിരുന്നവരിൽ സഭയെക്കുറിച്ച് പ്രതിലോമപരമായി സംസാരിച്ച ഒരു വ്യക്തിയെപ്പോലും ഞാൻ കണ്ടിട്ടില്ല. നേരെമറിച്ച്, സഭ ദരിദ്രമോ, താണതോ, മരിച്ചതോ ആണെന്ന് പറഞ്ഞ എല്ലാവരും ശാപത്തിൻ കീഴിലായിരുന്നു. സഭ മനോഹരമാണെന്നും അത് ദൈവത്തിന്റെ ഭവനമാണെന്നും പ്രഖ്യാപിച്ചുകൊണ്ട് സഭയെക്കുറിച്ച് അനുലോമപരമായി സംസാരിക്കുന്നവർ, അനുഗ്രഹം പ്രാപിക്കുന്നു. ഇത് വെറും ഉപദേശമല്ല; ഇത് നിരവധി വിശുദ്ധന്മാരുടെ അനുഭവങ്ങളാൽ തെളിയിക്കപ്പെടുവാൻ കഴിയുന്ന ഒരു സാക്ഷ്യമാണ്.

ചിലപ്പോൾ ഞാൻ സഭയെച്ചൊല്ലി നിരാശനാകുകയും അതിനെക്കുറിച്ച് അനുലോമപരമായി ചിന്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ, ശ്രദ്ധാലുവായിരിക്കുവാൻ ഉള്ളിൽ കർത്താവ് എനിക്ക് മുന്നറിയിപ്പ് നൽകുന്നു. ഉടനെതന്നെ എന്നെ ശുദ്ധീകരിക്കുവാൻ ഞാൻ കർത്താവിനോട് അപേക്ഷിക്കുകയും, സഭ എത്ര അത്ഭുതകരമാണെന്ന് ഞാൻ പ്രഖ്യാപിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. സഭ എന്നെ വിഷമിപ്പിക്കുന്നുണ്ടാകാമെങ്കിലും ഞാൻ അപ്പോഴും സഭയെ സ്നേഹിക്കുന്നു. ഞാൻ ഈ

അനുലോമപരമായ രീതിയിൽ എത്രയധികം സംസാരിക്കുന്നുവോ, അത്രയധികം ഞാൻ ദൈവത്തിന്റെ അനുഗ്രഹത്തിൻ കീഴിലാണ്.

സഭയെക്കുറിച്ചുള്ള ആരുടെ വാക്കാണ് ശരി, നിങ്ങളുടേതോ അതോ കർത്താവിന്റേതോ? നിത്യതയിൽവച്ച്, കർത്താവിന്റെ വാക്ക് ശരിയാണെന്ന് തെളിയിക്കപ്പെടും, കാരണം നിത്യതയിൽ സഭ അത്ഭുതകരവും, മഹത്വകരവും, സർവാതീതവുമായിരിക്കും. സഭയെ സംബന്ധിച്ച ശത്രുവിന്റെ എല്ലാ ആരോപണങ്ങളും നുണകളാണ്. സഭ ദരിദ്രമാണെന്നോ മരിച്ചതാണെന്നോ പറയുന്നത് ഒരു പൈശാചിക നുണ പറയുന്നതാണ്. സഭയുടെ പ്രത്യക്ഷ സാഹചര്യം ഒരു നുണയാണ്. സഭ തണുത്തതോ നിർജീവമോ താണതോ ആണെന്ന് പറയുന്നത് ഒരു നുണയാണ്. സഭ ഉയർത്തപ്പെട്ടതും വളരെ ജീവനുള്ളതുമാണ്. ബിലെയാമിന്റെ പ്രവചനത്തെ സംബന്ധിച്ച സഹോദരൻ നീയുടെ ശക്തമായ വാക്കിന് ഞാൻ നന്ദിയുള്ളവനാണ്. സഭയുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച എന്റെ ധാരണയെ ആ വാക്ക് പൂർണ്ണമായും മാറ്റിമറിച്ചു. ഞാൻ ആ വാക്ക് സ്വീകരിച്ച സമയം മുതൽ, ഞാൻ സഭയെ തികച്ചും വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ കണ്ടു.

കർത്താവ് കാണുന്നതിനേക്കാൾ കൂടുതൽ ആഴത്തിൽ കാണരുത്. സംഖ്യാപുസ്തകത്തിലെ ബിലെയാമിന്റെ വാക്കനുസരിച്ച്, കർത്താവ് യാക്കോബിൽ അകൃത്യം കണ്ടില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് അതിനെ കാണുന്നത്? നിങ്ങൾ ദൈവത്തെക്കാൾ കൂടുതൽ ജ്ഞാനിയോ ഗ്രാഹ്യശക്തിയുള്ളവനോ ആണോ? കർത്താവ് യിസ്രായേലിൽ കഷ്ടത കാണുന്നില്ലെന്ന് ബൈബിൾ പ്രഖ്യാപിക്കുന്നു. എന്നാൽ സഭയിൽ കഷ്ടത കാണുന്നുവെന്ന് നിങ്ങൾ അവകാശപ്പെടുന്നു. നിങ്ങൾ ഏതാണ് വിശ്വസിക്കുവാൻ തിരഞ്ഞെടുക്കുന്നത്, കർത്താവിന്റെ കാഴ്ചപ്പാടാണോ അതോ നിങ്ങളുടേതോ? സഭയെക്കുറിച്ചുള്ള കർത്താവിന്റെ വിലയിരുത്തലിനോടുകൂടെ നാം നിൽക്കുന്നുവെങ്കിൽ, അനുഗ്രഹത്തിൽനിന്നും ശാപത്തിലേക്ക് വീഴുന്നതിൽനിന്നും നാം സംരക്ഷിക്കപ്പെടും. നാം സഭയുമായി എങ്ങനെ ഇടപെടുന്നുവെന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും ശ്രദ്ധയുള്ളവരായിരിക്കാം.